# മത്തായിയുടെ സുവിശേഷത്തിന്റെ

# ജീവ-പഠനം

### ദൂത് പതിന്നാല്

## രാജ്യത്തിന്റെ ഭരണഘടനയുടെ വിളംബരം

## (2)

സ്വർഗരാജ്യം തികച്ചും നമ്മുടെ ആത്മാവുമായി ബന്ധപ്പെട്ടിരിക്കുന്നു. അഞ്ചാം അധ്യായത്തിലെ ഒന്നാമത്തെ അനുഗ്രഹം നമ്മുടെ ആത്മാവിലുള്ള അനുഗ്രഹമാണ്: "ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ" (5:3). അങ്ങനെ, ഈ അധ്യായത്തിൽ വിവരിച്ചിരിക്കുന്ന സ്വർഗരാജ്യത്തിന്റെ ഒന്നാമത്തെ വശം നമ്മുടെ മനുഷ്യാത്മാവിനോട് ബന്ധപ്പെട്ടിരിക്കുന്നു.

"താഴ്മയുള്ള മനസ്സുള്ളവർ സന്തുഷ്ടരാകുന്നു," "ഹൃദയത്തിൽ താഴ്മയുള്ളവർ അനുഗൃഹീതരാകുന്നു" എന്നിങ്ങനെയുള്ള വാക്യം 3-ന്റെ വളരെ പരിതാപകരമായ പരിഭാഷകളുണ്ട്. ആത്മാവിൽ ദരിദ്രരായിരിക്കുന്നതിനെക്കുറിച്ച് കർത്താവായ യേശു സംസാരിച്ചപ്പോൾ അവൻ എന്തിനെക്കുറിച്ചാണ് പറയുന്നതെന്ന് മിക്ക ക്രിസ്ത്യാനികളും മനസ്സിലാക്കുന്നില്ല. കൂടാതെ, സ്വർഗരാജ്യം മൊത്തത്തിൽ നമ്മുടെ ആത്മാവിലുള്ള ഒരു വിഷയമാണെന്നും അവർക്കറിയില്ല. നമ്മുടെ ആത്മാവിനെ നമുക്കറിയില്ലെങ്കിൽ, സ്വർഗരാജ്യവുമായി നമുക്ക് ഒരു കാര്യവുമില്ല, കാരണം സ്വർഗരാജ്യം നമ്മുടെ ആത്മാവിനോട് ബന്ധപ്പെട്ടിരിക്കുന്നു.

കർത്താവായ യേശു മലമുകളിൽ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഗലീലക്കാരായ അവന്റെ ശ്രോതാക്കളുടെ യഥാർത്ഥ അവസ്ഥ അവൻ അറിഞ്ഞിരുന്നു. ആ ഗലീലക്കാർ മതത്തിന്റെ പരമ്പരാഗതമായ ധാരണകൾകൊണ്ട് നിറഞ്ഞവരായിരുന്നു. യോഹന്നാൻ 4-ലെ അസാന്മാർഗിയായ ശമര്യക്കാരി സ്ത്രീക്കു പോലും മതപരമായ നിരവധി ധാരണകൾ ഉണ്ടായിരുന്നു. കർത്താവായ യേശുവുമായുള്ള അവളുടെ സംഭാഷണത്തിൽ ഈ വസ്തുത തുറന്നുകാട്ടപ്പെട്ടു. ഇങ്ങനെയുള്ള താണ നിലവാരമുള്ള ഒരു സ്ത്രീ പോലും മതപരമായ ധാരണകൾകൊണ്ട് നിറഞ്ഞിരുന്നെങ്കിൽ, നിശ്ചയമായും ഗലീലക്കാരായ മുക്കുവരും

അങ്ങനെ നിറഞ്ഞിരുന്നു. വർഷത്തിൽ മൂന്നു പ്രാവശ്യം വിരുന്നുകൾക്കുവേണ്ടി അവർ യെരൂശലേമിലേക്കു കയറിപ്പോകുകയും ഓരോ സമയത്തും ഒരാഴ്ചയെങ്കിലും അവിടെ തങ്ങുകയും ചെയ്തിരുന്നു. ഗലീലക്കാരായ മുക്കുവർ ഒഴിഞ്ഞ പാത്രങ്ങളല്ലായിരുന്നുവെന്ന് ഈ ഒരു വസ്തുത നിങ്ങൾക്ക് കാണിച്ചുതരുന്നു. കർത്താവായ യേശു ഭൂമിയിലായിരുന്ന സമയത്ത്, അവർ യെഹൂദന്മാരോ, റോമാക്കാരോ, യവനന്മാരോ ആകട്ടെ, സകല ജനവും, നിറയപ്പെട്ടവരായിരുന്നു. യെഹൂദന്മാർ അവരുടെ പരമ്പരാഗതമായ മതപരമായ ധാരണകളാലും, അവരുടെ തിരുവെഴുത്തുകളുടെ അറിവിനാലും, ന്യായപ്രമാണത്തിന്റെ ഉപദേശങ്ങളാലും നിറഞ്ഞിരുന്നു. വിശുദ്ധ നഗരത്തെയും, വിശുദ്ധ ആലയത്തെയും, പൗരോഹിത്യ സേവനത്തിന്റെ പവിത്രമായ സമ്പ്രദായത്തെയുംകുറിച്ചെല്ലാം അവർ അറിഞ്ഞിരുന്നു. യാഗപീഠത്തെയും, യാഗവസ്തുക്കളെയും, ഉത്സവങ്ങളെയും, ചട്ടങ്ങളെയും, നിയമാവലികളെയും കുറിച്ചെല്ലാം അവർ അറിഞ്ഞിരുന്നു; അവയെയെല്ലാം അവർ ബാഹ്യമായ അനുഗ്രഹങ്ങളായി കരുതിയിരുന്നു. യവനന്മാരെയും റോമാക്കാരെയും കുറിച്ച് പറയേണ്ട ആവശ്യമില്ല, കാരണം കർത്താവായ യേശുവിന്റെ മുമ്പിൽനിന്ന യെഹൂദന്മാർപോലും തങ്ങളുടെ പരമ്പരാഗതമായ ധാരണകളാൽ നിറയപ്പെട്ടിരുന്നു.

ഒരു പുതിയ യുഗം തുടങ്ങുന്നതിന് പുതിയ രാജാവായി കർത്താവായ യേശു വന്നു. പുതിയ രാജാവിന്റെ വരവോടുകൂടെ ദൈവം ഒരു പുതിയ വ്യവസ്ഥ ആരംഭിച്ചു. ദൈവത്തിന്റെ പുതിയ യുഗം അത്ഭുതവാനായ ഒരു വ്യക്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ആലങ്കാരികമായി പറഞ്ഞാൽ, ഈ പുതിയ വ്യവസ്ഥ ഈ വ്യക്തി തന്നെയാണ്. സ്വർഗരാജ്യത്തെ ക്രിസ്തുവിൽനിന്നു വേറിട്ട ഒന്നായി ചിന്തിക്കരുത്. ഇല്ല, അത് ക്രിസ്തു തന്നെയാണ്. രാജാവില്ലാതെ, നമുക്ക് രാജ്യമുണ്ടായിരിക്കുവാൻ കഴിയുകയില്ല. ക്രിസ്തുവിനെക്കൂടാതെ, നമുക്ക് സ്വർഗരാജ്യം ഉണ്ടായിരിക്കുവാൻ കഴിയുകയില്ല. ദൈവരാജ്യം എപ്പോൾ വരുമെന്ന് പരീശന്മാർ കർത്താവായ യേശുവിനോടു ചോദിച്ചപ്പോൾ അവൻ പറഞ്ഞു, "ഇതാ, ദൈവരാജ്യം നിങ്ങളുടെ മധ്യേ ഉണ്ട്" (ലൂക്കൊ. 17:21). പരീശന്മാരോടുള്ള കർത്താവിന്റെ വാക്ക് സൂചിപ്പിച്ചത് അവൻ തന്നെയായിരുന്നു രാജ്യമെന്നാണ്. എവിടെ യേശു ഉണ്ടോ, അവിടെ രാജ്യവും ഉണ്ട്. രാജ്യം കേവലം രാജാവെന്ന വ്യക്തിയാണ്. അതുകൊണ്ട്, നമുക്ക് രാജാവുള്ളപ്പോൾ നമുക്ക് രാജ്യവും ഉണ്ട്.

വിരുന്നിൽ സംബന്ധിക്കുവാൻ പത്രൊസും, അന്ത്രെയാസും, യാക്കോബും, യോഹന്നാനും യെരൂശലേമിലേക്ക് കയറിപ്പോയപ്പോൾ, യെരൂശലേമിനു വെളിയിൽ മരുഭൂമിയിൽ യോഹന്നാൻ സ്നാപകൻ ശുശ്രൂഷിക്കുകയായിരുന്നു. ഈ

നാലുപേർ അവനോട് ആകൃഷ്ടരായി എന്നതിൽ സംശയമില്ല. ഒടുവിൽ, അവർ കർത്താവായ യേശുവിനെ കണ്ടുമുട്ടുകയും യോർദ്ദാൻനദിക്കരയിൽ വച്ച് രക്ഷിക്കപ്പെടുകയും ചെയ്തു. ഈ നാലുപേരെപ്പോലെ കർത്താവായ യേശുവും യോർദ്ദാനിൽ സ്നാനമേൽക്കുകയും അവിടെ അവൻ അഭിഷേചിക്കപ്പെടുകയും ചെയ്തു. കർത്താവായ യേശുവിന്റെ അഭിഷേകത്തെ തുടർന്ന് അവൻ പരീക്ഷിക്കപ്പെട്ട നാല്പതു ദിവസങ്ങളുടെ ഒരു കാലയളവ് ഉണ്ടായിരുന്നു. ഈ നാല്പതു ദിവസങ്ങൾ പുതുതായി രക്ഷിക്കപ്പെട്ട ഈ ശിഷ്യന്മാർക്കും ഒരു പരീക്ഷയായിരുന്നു. കർത്താവായ യേശു പരീക്ഷയെ ജയിച്ചു, എന്നാൽ, യോർദ്ദാൻ നദിക്കരയിൽവച്ചുണ്ടായ രക്ഷയുടെ അനുഭവത്തെ മറക്കുകയും, ഒരു ഉപജീവനത്തിനു വേണ്ടി ഗലീലക്കടലിലേക്ക് മടങ്ങിപ്പോകുകയും ചെയ്തുകൊണ്ട് ശിഷ്യന്മാർ പരീക്ഷയിൽ തോറ്റുപോയി. രണ്ടുപേർ മീൻപിടിക്കുന്ന വേലയിലും രണ്ടുപേർ വലകൾ നന്നാക്കുന്ന വേലയിലും തുടർന്നു. മീൻപിടിക്കുവാനും വലകൾ നന്നാക്കുവാനും ഗലീലക്കടലിലേക്ക് അവർ മടങ്ങിപ്പോയി എന്ന വസ്തുത തെളിയിക്കുന്നത് അവർ പരാജയപ്പെട്ടു എന്നാണ്. അവർ രക്ഷിക്കപ്പെട്ടവരായിരുന്നെങ്കിലും, അവർ തങ്ങളുടെ പഴയ സാഹചര്യത്തിലേക്ക് മടങ്ങിപ്പോയി. തന്മൂലം അവർ പരാജിതരായിരുന്നു.

പുതിയ രാജാവ് ശത്രുവിന്മേൽ വിജയം നേടിയ ഇടമായ മരുഭൂമിയിലേക്ക് നയിക്കപ്പെട്ടു. സാത്താനോടുള്ള യുദ്ധത്തിൽ വിജയിച്ചതിനുശേഷം, പത്രൊസിനെയും, അന്ത്രെയാസിനെയും, യാക്കോബിനെയും, യോഹന്നാനെയും ആശ്ചര്യപ്പെടുത്തിക്കൊണ്ട് പുതിയ രാജാവ് ഗലീലക്കടലിലേക്കു വന്നു. അവിടെ ഗലീലക്കടലരികിൽവച്ച് കർത്താവായ യേശു രണ്ടാം പ്രാവശ്യം അവരെ ബന്ധപ്പെട്ടു. പന്ത്രണ്ടാമത്തെ ദൂതിൽ നാം കണ്ടതുപോലെ, ഒന്നാം പ്രാവശ്യം ഈ ശിഷ്യന്മാർ കർത്താവിന്റെ അടുക്കലേക്ക് കൊണ്ടുവരപ്പെട്ടപ്പോൾ അവർ അവനെ ദൈവത്തിന്റെ കുഞ്ഞാടായി കണ്ടു. എന്നാൽ രണ്ടാം പ്രാവശ്യം വലിയ വെളിച്ചമെന്ന നിലയിൽ കർത്താവ് അവർക്ക് കൃപാപൂർവമായ ഒരു സന്ദർശനം നൽകി. ഈ നാലു ശിഷ്യന്മാരെ വിളിക്കുന്നതിന്റെ വിശദീകരണത്തിൽ വേദപുസ്തകം വളരെ വ്യവസ്ഥാപരമാണ്. പത്രൊസും അന്ത്രെയാസും മീൻപിടിക്കുകയും, യാക്കോബും യോഹന്നാനും അവരുടെ വലകൾ നന്നാക്കുകയും ചെയ്യുകയായിരുന്നു. പെട്ടെന്ന് നാല്പതു ദിവസങ്ങൾക്കുമുമ്പ് അവർ കണ്ടുമുട്ടിയവൻ അവരുടെമേൽ പ്രകാശിച്ചുകൊണ്ട് ഒരു വലിയ വെളിച്ചമായി പ്രത്യക്ഷനായി. ഇത് ദൈവത്തിന്റെ കുഞ്ഞാടായിരുന്നുവെന്ന് അവർ മനസ്സിലാക്കുകയും അവർ അവനോട് ആകൃഷ്ടരാകുകയും ചെയ്തു. എങ്കിലും, ഈ സമയം ദൈവത്തിന്റെ കുഞ്ഞാട് അവരുടെമേൽ പ്രകാശിക്കുന്ന വലിയ വെളിച്ചമായിരുന്നു.

അവരുടെമേൽ പ്രകാശിച്ചതിനുശേഷം പുതിയ രാജാവു പറഞ്ഞു, "എന്നെ അനുഗമിക്കുക." അപ്പോൾ ഈ നാലു ശിഷ്യന്മാർ അവനെ അനുഗമിച്ചു. ഒടുവിൽ, കർത്താവിനെ അനുഗമിക്കുന്നതിന് ഈ നാലുപേർ മറ്റുള്ളവരെ സ്വാധീനിക്കുകയും പുരുഷാരം അവനിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്തു.

കർത്താവായ യേശു മലമുകളിലേക്ക് കയറിപ്പോയപ്പോൾ അവന്റെ ശിഷ്യന്മാർ പുതിയ രാജാവിന്റെ വിളംബരത്തിനായി അകത്തെ വൃത്തമായിരിക്കുവാൻ, നേരിട്ടുള്ള ശ്രോതാക്കളായി അവന്റെ അടുക്കൽ വന്നു. അവൻ പറഞ്ഞ ഒന്നാമത്തെ കാര്യം "ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ" എന്നായിരുന്നു. ഈ വാക്ക് 4:17-ലുള്ള കർത്താവിന്റെ പ്രസംഗത്തിന്റെ തുടർച്ചയായിരുന്നു. അവിടെ അവൻ പറഞ്ഞു, "മാനസാന്തരപ്പെടുവിൻ, എന്തെന്നാൽ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു." തന്റെ പ്രസംഗത്തിൽ കർത്താവ് അവരുടെ മനസ്സിനോട്, ചിന്തയോട് ഇടപെട്ടു. അവൻ ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "നിങ്ങൾ മാനസാന്തരപ്പെടണം. നിങ്ങൾ ചിന്തിക്കുന്നതിൽ, നിങ്ങളുടെ ചിന്താഗതിയിൽ, ഒരു മാറ്റം ഉണ്ടായിരിക്കണം. നിങ്ങളുടെ മനസ്സിന് ഒരു തിരിവ് ആവശ്യമാണ്." പത്രൊസിനും, അന്ത്രെയാസിനും, യാക്കോബിനും, യോഹന്നാനുമെല്ലാം അവരുടെ ധാരണയിൽ യഥാർത്ഥമായ ഒരു തിരിവുണ്ടായിരുന്നു. പുതിയ രാജാവിന്റെ വിളംബരത്തിനുവേണ്ടി നേരിട്ടുള്ള ശ്രോതാക്കളായിരിക്കുവാൻ അവർ അകത്തെ വൃത്തത്തിലായിരുന്ന സമയത്ത് അവരുടെ മനസ്സിനെ സംബന്ധിച്ച് യാതൊരു പ്രശ്നവും ഉണ്ടായിരുന്നില്ല. അവരുടെ ചിന്ത ഒരു മാറ്റത്തിലൂടെ കടന്നുപോയിക്കഴിഞ്ഞിരുന്നു.

നമ്മുടെ മനസ്സിനെ തിരിക്കുന്നത് നാം രാജ്യത്തിലേക്ക് പ്രവേശിക്കുന്നതിനു വേണ്ടിയും രാജ്യം നമ്മിലേക്കു പ്രവേശിക്കുന്നതിനു വേണ്ടിയുമുള്ള ഒരു പ്രവേശന കവാടം നമുക്കു നൽകുന്നു. മനസ്സ് സ്വീകരണിയോ ഉള്ളറയോ അല്ല: അത് പ്രവേശന കവാടമാണ്. സ്വീകരണി, ഉള്ളറ, നമ്മുടെ ആത്മാവാണ്. അങ്ങനെ, നമ്മുടെ മനസ്സ് പ്രവേശന കവാടവും, നമ്മുടെ ആത്മാവ് ഉള്ളറയുമാണ്. "മാനസാന്തരപ്പെടുവിൻ, എന്തെന്നാൽ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" എന്ന 4:17-ലുള്ള കർത്താവിന്റെ വചനത്തെ "ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു" എന്ന 5:3-ലെ വാക്യവുമായി ചേർത്തുവയ്ക്കണം. (സ്വർഗരാജ്യത്തിലേക്കു) തിരിഞ്ഞിരിക്കുന്ന മനസ്സാണ് സ്വർഗരാജ്യം നമ്മിലേക്കു വരാനുള്ള പ്രവേശന കവാടം. രാജ്യം കടന്നുവരുമ്പോൾ, അത് നമ്മുടെ ആത്മാവിൽ ഉൾനടപ്പെടുന്നു. അത് നമ്മുടെ മനസ്സ് എന്ന പ്രവേശന കവാടത്തിലൂടെ പ്രവേശിക്കുകയും, നമ്മുടെ ആത്മാവിൽ എത്തിച്ചേരുകയും ചെയ്യുന്നു. നമ്മുടെ മനസ്സല്ല,

നമ്മുടെ ആത്മാവാണ് രാജ്യത്തെ സ്വീകരിക്കുകയും അതിനെ നിലനിർത്തുകയും ചെയ്യുന്നത്. അതുകൊണ്ട്, നമ്മുടെ ആത്മാവാണ് സ്വർഗരാജ്യത്തിന്റെ സ്വീകരണിയും പാത്രവും.

സുവിശേഷത്തിന്റെ രഹസ്യം അറിയാവുന്ന സുവിശേഷകന്മാർ തങ്ങളുടെ പ്രസംഗത്തിൽ ആദ്യം ഇടപെടുന്നത് ജനത്തിന്റെ മനസ്സിനോടാണ്. പിന്നീട് അവരുടെ ആത്മാവിനോട് ഇടപെടുവാൻ അവർ മുന്നോട്ടുപോകുന്നു. സുവിശേഷപ്രസംഗം ജനത്തിന്റെ മനസ്സിനോട്, അവർ ചിന്തിക്കുന്ന രീതിയോട് ഇടപെടണം. ഇതാണ് അവരെ മാനസാന്തരപ്പെടുവാൻ, അവരുടെ ചിന്തയിലും ജീവിതരീതിയിലും ഒരു തിരിവുണ്ടായിരിക്കുവാൻ അവരെ ഇടയാക്കുന്നത്. ഒരുവൻ മാനസാന്തരപ്പെട്ട ഉടനെ പ്രാർഥിക്കുവാനും കർത്താവിന്റെ നാമത്തെ വിളിക്കുവാനും ശരിയായ സുവിശേഷ പ്രസംഗകൻ അവനോട് ആവശ്യപ്പെടും. ഇത് മനസ്സിനോട് ഇടപെടുന്നതല്ല, പ്രത്യുത ആത്മാവിനോട് ഇടപെടുന്നതാണ്. പ്രാർഥിക്കുവാനും കർത്താവിന്റെ നാമത്തെ വിളിക്കുവാനും ഒരു വ്യക്തി തന്റെ ആത്മാവിനെ പ്രയോഗിച്ചശേഷം, കർത്താവ് ഉടനെ അവന്റെ ആത്മാവിലേക്കു വരുന്നു; അതായത് അവന്റെ മനസ്സ് എന്ന പ്രവേശന കവാടത്തിലൂടെ കടന്ന് അവന്റെ ആത്മാവിൽ എത്തിച്ചേരുന്നു.

നമ്മുടെ മനസ്സിലൂടെ നമ്മുടെ ആത്മാവിൽ പ്രവേശിച്ച സാക്ഷാൽ കർത്താവായ യേശുവാണ് രാജാവ്. രാജ്യം അവനോടുകൂടെയാണ്. രാജാവ് ഒരുവന്റെ ആത്മാവിൽ പ്രവേശിക്കുമ്പോൾ, ഇത് അർഥമാക്കുന്നത് രാജ്യവും അവന്റെ ആത്മാവിലേക്കു പ്രവേശിക്കുന്നു എന്നാണ്. ആ സമയം മുതൽ രാജാവും രാജ്യവും അവന്റെ ആത്മാവിൽ നിലനിൽക്കുന്നു. ഇന്നത്തെ അധഃപതിച്ച ക്രിസ്തുമതത്തിന്റെ ഉപദേശത്തിൽ, നമ്മുടെ ആത്മാവിലേക്കു പ്രവേശിക്കുന്നവനായ ക്രിസ്തു രാജ്യത്തോടുകൂടെയുള്ള രാജാവാണെന്ന് വളരെ കുറച്ചുപേർ മാത്രമേ ചൂണ്ടിക്കാണിക്കുന്നുള്ളൂ. അവൻ നിങ്ങളുടെ ആത്മാവിലേക്കു വരുമ്പോൾ രാജ്യം അവനോടുകൂടെ വരുന്നു. ഇപ്പോൾ നമ്മുടെ ആത്മാവിൽ രക്ഷകൻ മാത്രമല്ല ഉള്ളത്; നമുക്ക് രാജ്യത്തോടുകൂടെയുള്ള രാജാവും ഉണ്ട്.

"കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ" എന്ന 2 തിമൊഥെയൊസ് 4:22-ന്റെ പ്രാധാന്യത്തിന് വർഷങ്ങളായി നാം ഊന്നൽ നൽകിയിരുന്നു. ജീവന്റെ വിഷയത്തോട് നാം എല്ലായ്പ്പോഴും ഇതിനെ പ്രയോഗിച്ചിരുന്നു. എന്നാൽ ഇപ്പോൾ കർത്താവായ യേശു നമ്മുടെ ആത്മാവോടുകൂടെ ഉണ്ടെന്ന് നാം പറയുമ്പോഴെല്ലാം അത് അർഥമാക്കുന്നത് രാജ്യം നമ്മുടെ ആത്മാവോടുകൂടെയാണെന്നും നാം കാണണം എന്നാണ്. ഈ കർത്താവായ യേശു രക്ഷകനും ജീവനും മാത്രമല്ല,

രാജ്യത്തോടുകൂടെയുള്ള രാജാവും ആണ്. "എന്റെ ആത്മാവിൽ എനിക്ക് രക്ഷകനും, ജീവനും, രാജാവും, രാജ്യവും ഉണ്ട്" എന്നു നമുക്ക് പ്രഖ്യാപിക്കാം. നാം മാനസാന്തരപ്പെടുകയും, രക്ഷകനും ജീവനും രാജ്യത്തോടുകൂടെയുള്ള രാജാവുമായ കർത്താവായ യേശുവിൽ വിശ്വസിക്കുകയും ചെയ്യപ്പോൾ അവൻ നമ്മുടെ ആത്മാവിൽ പ്രവേശിക്കുകയും അവിടെ ഉൾനടപ്പെടുകയും ചെയ്യു. അതുകൊണ്ട്, നമ്മുടെ ആത്മാവിൽ നമുക്ക് ഇപ്പോൾ രക്ഷകനും, ജീവനും, രാജ്യത്തോടുകൂടെയുള്ള രാജാവും ഉണ്ട്. നമ്മുടെ മനസ്സിൽ മാനസാന്തരപ്പെട്ടും ആത്മാവിൽ ദരിദ്രരായും ഇരിക്കുന്നതിലൂടെ ഇങ്ങനെയുള്ള ഒരുവനെ നമ്മിലേക്ക് നാം സ്വീകരിച്ചു.

ദൈവത്തിൽനിന്നും വളരെയകലെ എന്റെ വീണുപോയ അവസ്ഥയിൽ ഞാൻ നടന്നുകൊണ്ടിരുന്നപ്പോൾ ഞാൻ തത്ത്വജ്ഞാനവും മതവുംകൊണ്ട് നിറഞ്ഞിരുന്നു. തെറ്റായ ദിശയിൽ ഞാൻ നടന്നുകൊണ്ടിരുന്നുവെന്നു മാത്രമല്ല, മൂല്യമില്ലാത്ത ധാരണകളും ചിന്തകളുംകൊണ്ട് ഞാൻ നിറഞ്ഞുമിരുന്നു. ഞാൻ സുവിശേഷപ്രസംഗം കേട്ടപ്പോൾ, എന്റെ മനസ്സിൽ എനിക്കൊരു തിരിവുണ്ടായി; എന്റെ മനസ്സിനു മാറ്റംവന്നു. എന്നിരുന്നാലും, ഞാൻ അപ്പോഴും നിരവധി തത്ത്വജ്ഞാനപരവും മതപരവുമായ ധാരണകൾ നിറഞ്ഞവനായിരുന്നു. അങ്ങനെ, എനിക്ക് എന്റെ മനസ്സിൽ ഒരു തിരിവുണ്ടായിരിക്കുക മാത്രമല്ല, ആത്മാവിൽ ദരിദ്രനായിത്തീരേണ്ടതും ആവശ്യമായിരുന്നു. നമ്മുടെ ആത്മാവിൽ ദരിദ്രരായിരിക്കുന്നത് നമ്മുടെ ആത്മാവിനെ ഒഴിച്ചിടുന്നതാണ്. അത് നമ്മുടെ ആളത്തത്തിന്റെ ആഴങ്ങളിൽനിന്നും നമ്മെത്തന്നെ തുറക്കുന്നതും കർത്താവായ യേശുവിന് നമ്മുടെ ആത്മാവിലേക്കു പ്രവേശിക്കുവാൻ സാധിക്കത്തക്കവണ്ണം സകല കാര്യങ്ങളിൽനിന്നും ഒഴിപ്പിക്കപ്പെടുന്നതുമാണ്. അവൻ എന്നിലേക്കു വന്നപ്പോൾ അവൻ രാജ്യത്തോടുകൂടെയുള്ള രാജാവായി വന്നു. അതുകൊണ്ട്, നിങ്ങൾ ആത്മാവിൽ ദരിദ്രരാണെങ്കിൽ, സ്വർഗരാജ്യം നിങ്ങളുടേതാണ്. നിങ്ങളുടെ ജീവിതത്തിൽ നിങ്ങളുടെ മുഖത്തെ നിങ്ങൾ തിരിക്കുകയും, ഇപ്പോൾ കർത്താവുമായി മുഖാമുഖം നിൽക്കുകയും ചെയ്യുന്നുണ്ടാകാമെങ്കിലും, നിങ്ങളുടെ ആത്മാവിന്റെ കാര്യം എങ്ങനെയാണ്? നിങ്ങളുടെ ആത്മാവ് അവന് തുറന്നിരിക്കുകയാണോ, അതോ അത് മറ്റു കാര്യങ്ങൾകൊണ്ട് നിറഞ്ഞിരിക്കുകയാണോ? ഇപ്പോഴും നിങ്ങൾ തത്ത്വജ്ഞാനപരവും മതപരവുമായ ധാരണകൾകൊണ്ട് നിറഞ്ഞവരാണോ? യവനന്മാർ പ്ലാറ്റോയുടെ തത്ത്വജ്ഞാനംകൊണ്ടും, ചൈനക്കാർ കൺഫ്യൂഷ്യസിന്റെ ഉപദേശങ്ങൾകൊണ്ടും, യെഹൂദന്മാർ മോശെയുടെ ഉപദേശങ്ങൾകൊണ്ടും നിറഞ്ഞവരായിരിക്കാം.

രാജ്യത്തോടുകൂടെ രാജാവ് നിങ്ങളിലേക്കു വരേണ്ടതിന് നിങ്ങൾ ആത്മാവിൽ ദരിദ്രരായിരിക്കണം. നിങ്ങളുടെ ആളത്തത്തിന്റെ ആഴത്തിൽനിന്നും നിങ്ങളെ തുറക്കുകയും, നിങ്ങളെ നിറച്ചിരിക്കുന്ന എല്ലാ ധാരണകളെയും, അഭിപ്രായങ്ങളെയും, ചിന്തകളെയും പുറത്തു കളയുകയും വേണമെന്നാണ് ഇത് അർഥമാക്കുന്നത്. നിങ്ങളുടെ ആത്മാവിനെ നിങ്ങൾ ഒഴിപ്പിക്കുമ്പോൾ രാജ്യത്തോടുകൂടെ രാജാവ് നിങ്ങളിലേക്കു വരും. അപ്പോൾ സ്വർഗരാജ്യം നിങ്ങളുടേതാണ്.

Wed വാക്യം 3-ലെ പൂർണ്ണക്രിയയുടെ കാലത്തിന് ദയവായി സൂക്ഷ്മതയോടെ ശ്രദ്ധ നൽകുക. അത് ഭാവികാലത്തിലല്ല, വർത്തമാനകാലത്തിലാണ്. "സ്വർഗരാജ്യം അവരുടേതാകും" എന്ന് ഈ വാക്യം പറയുന്നില്ല; "സ്വർഗരാജ്യം അവരുടേതാകുന്നു"എന്ന് അതു പറയുന്നു. നിങ്ങളുടെ ആളത്തത്തിന്റെ ആഴങ്ങളിൽനിന്നും, അതായത് നിങ്ങളുടെ ആത്മാവിൽനിന്നും, നിങ്ങളെ തുറക്കുകയും, നിങ്ങളെത്തന്നെ ഒഴിപ്പിക്കുകയും, നിങ്ങളുടെ ആത്മാവിനെ ശൂന്യമാക്കുകയും ചെയ്യുമ്പോൾ, ജീവൻ-നൽകുന്ന ആത്മാവെന്ന നിലയിൽ രാജാവ് നിങ്ങളുടെ മാനസാന്തരപ്പെട്ട മനസ്സ് എന്ന പ്രവേശനകവാടത്തിലൂടെ പ്രവേശിക്കുകയും രാജ്യത്തോടുകൂടെ നിങ്ങളുടെ രാജാവായിരിക്കുവാൻ നിങ്ങളുടെ ആത്മാവിലേക്കു വരുകയും ചെയ്യും. അപ്പോൾ മുതൽ രാജ്യം നിങ്ങളുടെ ഉള്ളിൽ ആണ്, സ്വർഗരാജ്യം നിങ്ങളുടേതാണ്. ഇതാണ് പുതിയനിയമപ്രകാരമുള്ള രക്ഷ.

എങ്കിലും, ഇന്നത്തെ അധഃപതിച്ച ക്രിസ്തുമതം ഇതിനെ നഷ്ടപ്പെടുത്തി. നിങ്ങൾ കർത്താവായ യേശുവിനെ സ്വീകരിച്ചപ്പോൾ, ഒരു തരത്തിലുള്ള ഭരണം നിങ്ങളിലേക്ക് വന്നുവെന്ന് നിങ്ങൾ തിരിച്ചറിഞ്ഞുവോ? ഈ ഭരണം രാജ്യത്തിന്റെ വാഴ്ചയാണ്. നമുക്ക് രക്ഷകനും ജീവനും മാത്രമല്ല ഉള്ളത്, രാജാവും ഉണ്ട്. ഈ രാജാവ് തന്റെ അധികാരം നമ്മുടെ ആത്മാവിനുള്ളിൽനിന്നും പ്രയോഗിക്കുന്നു. ഇന്നാണ് നിങ്ങൾ രക്ഷിക്കപ്പെട്ടതെങ്കിൽപോലും, ഇപ്പോൾതന്നെ ഈ രാജ്യം നിങ്ങളുടെ ഉള്ളിലുണ്ട്. ഞാൻ അമ്പതു വർഷങ്ങൾക്കുമുമ്പ് രക്ഷിക്കപ്പെട്ടെങ്കിലും, അടുത്തകാലത്ത് രക്ഷിക്കപ്പെട്ട ഒരുവന് ഉള്ളതിനെക്കാൾ കൂടുതലായി യാതൊന്നും എനിക്കില്ല. നമ്മുടെ രക്ഷകനും, നമ്മുടെ ജീവനും, രാജ്യത്തോടുകൂടെയുള്ള നമ്മുടെ രാജാവും ആണ് നമ്മുടെ ഉള്ളിലുള്ളവൻ. അവൻ എത്ര സമ്പന്നനും എത്ര ഉന്നതനുമാണ്! നമ്മുടെ ആത്മാവിലേക്ക് നാം അവനെ സ്വീകരിച്ചിരിക്കുന്നതുകൊണ്ട് സ്വർഗരാജ്യം നമ്മുടേതാണ്. സ്വർഗരാജ്യം നമ്മുടേതാണ്, സ്വർഗരാജ്യം നമ്മുടെ ആത്മാവിലാണ്!

ഇനി നാം വാക്യം 3-ലെ "ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു" എന്നതിന്റെ

അർഥം മനസ്സിലാക്കണം. സർവ്വനാമത്തെ മാറ്റിക്കൊണ്ട് നാം പറയണം, "ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ, സ്വർഗരാജ്യം നമ്മുടേതാകുന്നു." ഈ വാക്യത്തിന്റെ അർഥം ഒരിക്കൽ നാം മനസ്സിലാക്കുമ്പോൾ, രാജ്യം താൽക്കാലികമായി സഹസ്രാബ്ദം വരെ മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നു എന്ന് ഉപദേശിക്കുന്നത് എത്ര വലിയൊരു തെറ്റാണെന്ന് നാം കാണുന്നു. ഈ വാക്യത്തിലെ "ആകുന്നു" എന്ന പദം തെളിയിക്കുന്നത് സ്വർഗരാജ്യം ഇപ്പോൾത്തന്നെ നമ്മുടേതാകുന്നു എന്നാണ്. നാം എത്ര അനുഗൃഹീതരാണ്! ആത്മാവിൽ ദരിദ്രരായിരിക്കുന്നത് എത്ര അനുഗൃഹീതമാണ്! നമ്മുടെ ആത്മാവിൽ നാം ദരിദ്രരാണെങ്കിൽ, സ്വർഗരാജ്യം നമ്മുടേതാണ്. ഈ വചനത്തെ നിങ്ങളിലേക്ക് എടുക്കുന്നുവെങ്കിൽ നിങ്ങൾ ഒരിക്കലും പഴയതുപോലെ ആയിരിക്കുകയില്ല. ഈ ഒരു വാക്യം നൂറു ദൂതുകളെക്കാൾ മേന്മയേറിയതാണ്. ഹല്ലേലൂയ്യാ, സ്വർഗരാജ്യം നമ്മുടേതാകുന്നു! നാം സത്യമായും അനുഗൃഹീതരും സന്തോഷമുള്ളവരും ആണ്. ആത്മാവിൽ ദരിദ്രരായവർ അനഹൃഹീതരും സന്തുഷ്ടരുമാണ്, കാരണം സ്വർഗരാജ്യം നമ്മുടേതാകുന്നു.

## B. വിലപിക്കുന്നവർ ആശ്വസിപ്പിക്കപ്പെടുന്നു

ഇന്ന് നാം സ്വർഗരാജ്യത്തിലാണെന്നു കേൾക്കുമ്പോൾ നാം വളരെ സന്തോഷമുള്ളവരായിരിക്കണമെങ്കിലും, തൊട്ടടുത്ത വാക്യത്തിൽ കർത്താവായ യേശു നമ്മോട് വിലപിക്കുവാൻ പറഞ്ഞു. വാക്യം 4 പറയുന്നു, "വിലപിക്കുന്നവർ അനുഗൃഹീതർ, അവർക്ക് ആശ്വാസം ലഭിക്കും." വിലപിക്കുന്നവർ അനുഗൃഹീതരും സന്തോഷിക്കുന്നവരുമാണെന്നു പറയുന്നത് യുക്തിപരമാണെന്ന് തോന്നുകയില്ല. എന്നാൽ രാജാവിനെയും രാജ്യത്തെയുംകൊണ്ട് നിറഞ്ഞവരായി നാം കുറച്ചു സമയം പ്രാർഥിക്കുന്നുവെങ്കിൽ, ഇന്നത്തെ പ്രതിലോമ സാഹചര്യം നിമിത്തം നാം വിലപിക്കുവാൻ തുടങ്ങും. ലോകത്തിന്റെ മുഴുവൻ സാഹചര്യവും ദൈവത്തിന്റെ വ്യവസ്ഥയോടുള്ള ബന്ധത്തിൽ പ്രതിലോമകരമാണ്. സാത്താനും, പാപവും, സ്വയവും, അന്ധകാരവും, ലൗകികതയും ഭൂമിയിലുള്ള സകല ജനത്തിനുമിടയിൽ പ്രബലമായിരിക്കുന്നു. ദൈവത്തിന്റെ മഹത്വം പരിഹസിക്കപ്പെട്ടും, ക്രിസ്തു തിരസ്കരിക്കപ്പെട്ടും, പരിശുദ്ധാത്മാവ് വിഘ്നപ്പെടുത്തപ്പെട്ടും, സഭ ശൂന്യമാക്കപ്പെട്ടും, സ്വയം മലിനപ്പെട്ടും, മുഴുവൻ ലോകവും ദുഷിക്കപ്പെട്ടും ഇരിക്കുന്നു. തന്മൂലം, ഇങ്ങനെയുള്ള ഒരു സാഹചര്യത്തെ ച്ചൊല്ലി നാം വിലപിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. രാജ്യം നമ്മിൽ ഉള്ളതുകൊണ്ട്, നാം ഉൾവസിക്കുന്ന രാജാവിനാൽ കീഴ്പെടുത്തപ്പെട്ടും, നിയന്ത്രിക്കപ്പെട്ടും, ഭരിക്കപ്പെട്ടുമിരിക്കുന്നു. നാം ഈ ഭരണത്തിൻ കീഴിലായിരിക്കുമ്പോൾ ഇന്നത്തെ

ലോകത്തിന്റെ പരിതസ്ഥിതിയെയും സാഹചര്യത്തെയും നാം നോക്കുന്നുവെങ്കിൽ നാം നെടുവീർപ്പിടുകയും വിലപിക്കുകയും ചെയ്യും.

എങ്കിലും, ഈ വിലാപം ഒരു അനുഗ്രഹമാണ്, കാരണം വിലപിക്കുന്നവർക്ക് "ആശ്വാസം ലഭിക്കും" എന്ന് കർത്താവു പറഞ്ഞു. ദൈവത്തിനും അവന്റെ വ്യവസ്ഥയ്ക്കുമനുസരിച്ച് നാം വിലപിക്കുന്നുവെങ്കിൽ സ്വർഗരാജ്യത്തെ പ്രതിഫലമായി പ്രാപിച്ചുകൊണ്ട് നാം ആശ്വസിപ്പിക്കപ്പെടും. എല്ലാ പ്രതിലോമ കാര്യങ്ങളുടെയുംമേലുള്ള ദൈവത്തിന്റെ സ്വർഗീയഭരണത്തെ നാം കാണും. വിലപിക്കുകയും ആശ്വസിപ്പിക്കപ്പെടുകയും ചെയ്യുന്നതിന്റെ അനുഭവം എനിക്ക് അനേകം പ്രാവശ്യം ഉണ്ടായിട്ടുണ്ട്. നിരാശപ്പെടരുത്. നാം വിലപിക്കണം, എങ്കിലും നാം പ്രത്യാശകൊണ്ട് നിറഞ്ഞിരിക്കുന്നു. രാജാവു വരുന്നു; ശത്രു പരാജയപ്പെടുകയും ഭൂമി ക്രിസ്തുവിനാൽ പുനരാർജിക്കപ്പെടുകയും ചെയ്യും. ഇന്നല്ലെങ്കിൽ നാളെ നാം ആശ്വസിപ്പിക്കപ്പെടും. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ കർത്താവിനെയും അവന്റെ രാജ്യത്തെയും അനേകർ അന്വേഷിക്കുന്നതായി കാണുന്നത് ഒരു ആശ്വാസമല്ലേ? ഇത് എനിക്ക് എത്ര ആശ്വാസകരമാണ്! നിങ്ങളുടെ ആത്മാവിൽ നിങ്ങൾ ഒരിക്കലും വിലപിക്കുന്നത് അനുഭവിച്ചിട്ടില്ലെങ്കിൽ കർത്താവിന്റെ രാജ്യത്തിനുവേണ്ടി മാത്രം കരുതുന്ന അനേകംപേരെ കാണുന്നത് എത്ര മധുരകരവും ആശ്വാസപ്രദവുമാണെന്ന് നിങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിയുകയില്ല. ഇക്കാരണത്താൽ, കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ എല്ലാ പ്രിയ വിശുദ്ധന്മാരെയും നാം സ്നേഹിക്കുന്നു. അന്വേഷിക്കുന്ന വിശുദ്ധന്മാരോടുകൂടെയുള്ള സകല സഭകളും ഏതു വിലപിക്കുന്ന ആത്മാവിനും ഒരു യഥാർത്ഥ ആശ്വാസമാണ്.

## C. സൗമ്യതയുള്ളവർ ഭൂമിയെ അവകാശമാക്കുന്നു

ഈ വാക്യങ്ങളിലെ അനുക്രമം വളരെ സാരവത്താണ്. ഒന്നാമത് രാജ്യത്തോടുകൂടെ രാജാവിനെ സ്വീകരിക്കുവാനും അവനെ ഉൾക്കൊള്ളുവാനും നാം ആത്മാവിൽ ദരിദ്രരാണ്. പിന്നീട് ശോചനീയമായ സാഹചര്യത്തെച്ചൊല്ലി നാം വിലപിക്കുകയും ആശ്വസിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇതിനെത്തുടർന്ന് സൗമ്യതയെക്കുറിച്ച് നമുക്കൊരു വാക്കുണ്ട്. വാക്യം 5 പറയുന്നു, "സൗമ്യതയുള്ളവർ അനുഗൃഹീതർ, അവർ ഭൂമിയെ അവകാശമാക്കും." "ഭൂമി" എന്ന പദത്തിനുള്ള യവനപദം "ദേശം" എന്നായിരിക്കണമെന്ന് ചില പരിഭാഷകർ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇതിനെ നാം ഭൂമിയെന്നോ ദേശമെന്നോ പരിഭാഷപ്പെടുത്തിയാലും അത് വരാനിരിക്കുന്ന കീഴ്പെടുത്തപ്പെട്ട ലോകത്തെയാണ് പരാമർശിക്കുന്നത്. ഇന്ന് ഭൂമി സാത്താന്റെ ഭരണത്തിൻകീഴിലുള്ള

ഒരു ലൗകിക രാജ്യമാണ്. എന്നാൽ രാജാവായ കർത്താവ് ഈ ലോകത്തെ പുനരാർജിക്കുന്ന ഒരു ദിവസം വരുന്നു. വെളിപ്പാട് 11:15 പറയുന്നു, "ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു: അവൻ എന്നെന്നേക്കും വാഴും." വെളിപ്പാട് 11:15-ൽ പറഞ്ഞിരിക്കുന്ന ലോകമാണ് മത്തായി 5:5-ലെ ഭൂമി.

സൗമ്യതയുള്ളവർ ഭൂമിയെ അവകാശമാക്കുമെന്ന് മത്തായി 5:5-ൽ കർത്താവു പറയുന്നു. വാക്യം 3-ലെ ആത്മാവിൽ ദരിദ്രരായവരും, വാക്യം 4-ലെ വിലപിക്കുന്നവരും ഇപ്പോൾ വാക്യം 5-ലെ സൗമ്യതയുള്ളവരാണ്. സൗമ്യതയുള്ളവരായിരിക്കുകയെന്നാൽ എന്താണ് അർഥമാക്കുന്നതെന്ന് നിരവധി ക്രിസ്ത്യാനികളും മനസ്സിലാക്കുന്നില്ല. ശാന്തരും, താഴ്മയുള്ളവരും, വിധേയപ്പെട്ടിരിക്കുന്നവരും എന്നല്ല ഇതിന്റെ അർഥം. സൗമ്യതയുള്ളവരായിരിക്കുകയെന്നാൽ ലോകത്തിന്റെ എതിർപ്പിനെ ചെറുക്കാതെ അതിനെ മനസ്സോടെ സഹിക്കുക എന്നാണ്. സൗമ്യതയുള്ളവരായിരിക്കുകയെന്നാൽ പോരാടുകയോ ചെറുക്കുകയോ ചെയ്യാതിരിക്കുക എന്നാണ് അർഥമാക്കുന്നത്. നാം സൗമ്യതയുള്ളവരാണെങ്കിൽ, ഈ യുഗത്തിൽ ലോകത്തിന്റെ എതിർപ്പിനെ സഹിക്കുവാൻ മനസ്സുള്ളവരാണെങ്കിൽ, എബ്രായർ 2:5-8-ലും ലൂക്കൊസ് 19:17-ലും, 19-ലും വെളിപ്പെടുത്തിയിരിക്കുന്നതുപോലെ, വരാനിരിക്കുന്ന യുഗത്തിൽ നാം ഭൂമിയെ അവകാശമാക്കും.

ഇന്ന്, പോരാടുന്നവർ ദേശത്തെ നേടുന്നു. നിങ്ങൾ പോരാടുന്നില്ലെങ്കിൽ നിങ്ങൾക്ക് യാതൊരു ഭൂപ്രദേശവും ഉണ്ടായിരിക്കുകയില്ല. ഇതാണ് അനേകം യുദ്ധങ്ങൾ ഉണ്ടായിരിക്കുന്നതിന്റെ കാരണം. തങ്ങൾക്ക് കൂടുതൽ ഭൂപ്രദേശങ്ങൾ നേടുന്നതിന് രാഷ്ട്രങ്ങൾ അന്യോന്യം യുദ്ധം ചെയ്യുന്നു. ദേശം ലഭിക്കുന്നതിന് അതിനുവേണ്ടി പോരാടുക എന്നതാണ് മാനുഷിക രീതി; എന്നാൽ അതു നേടാനുള്ള സ്വർഗരാജ്യത്തിന്റെ രീതി സൗമ്യത ഉള്ളവരായിരിക്കുന്നതാണ്. യുദ്ധം ചെയ്യേണ്ട ആവശ്യവുമില്ല, എന്നാൽ സൗമ്യതയുള്ളവരായിരിക്കേണ്ട ആവശ്യമുണ്ട്. ഭൂമിയെ എടുക്കുന്നതിനെക്കുറിച്ച് ചില യുവാക്കൾ മുദ്രാവാക്യങ്ങൾ മുഴക്കാറുണ്ട്. ഭൂമിയെ എടുക്കുവാനുള്ള രീതി മുദ്രാവാക്യത്താലോ, ആർപ്പിടുന്നതിനാലോ, യുദ്ധം ചെയ്യുന്നതിനാലോ അല്ല. വഴി സൗമ്യതയിലൂടെയാണ്. സൗമ്യതയുള്ളവർ അനുഗൃഹീതരാകുന്നു, കാരണം അവർ ഭൂമിയെ അവകാശമാക്കും. നിങ്ങൾ പോരാടുന്നവനാണോ അതോ, സൗമ്യതയുള്ളവനാണോ? നിങ്ങൾ ഭൂമിയെ അവകാശമാക്കണമെങ്കിൽ, നിങ്ങൾ സൗമ്യത ഉള്ളവനായിരിക്കണം. കർത്താവായ യേശു മടങ്ങിവരുമ്പോൾ അവൻ ഭൂമിയെ പുനരാർജിക്കും. എങ്കിലും അവനെ പിടിക്കുകയും, ശോധനകഴിക്കുകയും, ഗൊൽഗോഥായിൽ ക്രൂശിക്കുകയും ചെയ്തപ്പോൾ അവൻ

സൗമ്യത ഉള്ളവനായിരുന്നു. അവനെ ക്രൂശിൽ ആണിയടിച്ചപ്പോൾ അവൻ തടുത്തില്ല. എല്ലാ രീതിയിലും അവൻ സൗമ്യനായിരുന്നു, അവൻ അവസാനത്തോളം സൗമ്യനായിരുന്നു. ആത്യന്തികമായി, പോരാടുന്നവരല്ല, പിന്നെയോ സൗമ്യതയുള്ളവർ ഭൂമിയെ നേടും. നിരവധി ആഴ്ചകൾക്കുമുമ്പ് ഒരു എതിരാളി നമ്മുടെ സഹോദരന്മാരിൽ ഒരുവനോടു പറഞ്ഞു, "ഞങ്ങൾ നിങ്ങളെ നിർത്തലാക്കുവാൻ പോകുന്നു!" ആർ നിർത്തലക്കപ്പെടുമെന്ന് കാലം പറയും. പോരാടുന്നവർ നിർത്തലാക്കപ്പെടും, എന്നാൽ സൗമ്യതയുള്ളവർ നിർത്തലാക്കപ്പെടുകയില്ല. മറിച്ച്, അവർ ഭൂമിയെ അവകാശമാക്കും. സാത്താൻ എപ്പോഴും പോരാടിക്കൊണ്ടിരിക്കുന്നു, എന്നാൽ കർത്താവായ യേശു ഒരിക്കലും പോരാടുന്നില്ല. പകരം, അവൻ സൗമ്യതയുള്ളവനാണ്. ദൈവത്തിന്റെ വ്യവസ്ഥ മനുഷ്യന്റെ വ്യവസ്ഥയ്ക്ക് വിപരീതമാണെന്ന് ഇതിൽ നാം കാണുന്നു. ഭൂമിയെ നേടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ സൗമ്യത ഉള്ളവനായിരിക്കണം. നിങ്ങൾക്ക് യാതൊരു ഭൂപ്രദേശവും ലഭിച്ചിട്ടില്ലെങ്കിൽ ഇത് സൂചിപ്പിക്കുന്നത് നിങ്ങൾ ഇപ്പോഴും വേണ്ടുവണ്ണം സൗമ്യനല്ലെന്നാണ്. യുവാക്കളേ, നിങ്ങൾ ക്യാമ്പസുകളിൽ സൗമ്യത ഉള്ളവരായിരിക്കണം. ഇതൊരു സ്വർഗീയ ഭാഷയാണെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്നാൽ "പോരാടുന്നവർ അനുഗൃഹീതർ, അവർ ഭൂമിയെ അവകാശമാക്കും. പോരാടുന്നവർ ഭൂമിയെ എടുക്കും!" എന്ന് കർത്താവായ യേശു പറഞ്ഞില്ല. "ഭൂമിക്കുവേണ്ടി പോരാടിക്കൊണ്ട് നമുക്കതിനെ എടുക്കാം" എന്നു പറയരുത്. പകരം നിങ്ങൾ പറയണം, "സൗമ്യത ഉള്ളവരായിരുന്നുകൊണ്ട് നമുക്ക് ഭൂമിയെ എടുക്കാം." സൗമ്യത ഭൗതിക വസ്തുക്കളുമായി ബന്ധപ്പെട്ടതാണെന്ന് നിങ്ങൾ ചിന്തിച്ചേക്കാം. എന്നാൽ ഈ വിഷയത്തെ ശ്രദ്ധയോടെ പരിഗണിക്കുമെങ്കിൽ, സൗമ്യത പുറമെയുള്ള ഭൗതിക കാര്യങ്ങളുമായി ബന്ധപ്പെട്ടതല്ല എന്നു നിങ്ങൾ കാണും. മറിച്ച്, അത് അകമെയുള്ള ഒന്നിനോട്, നമ്മുടെ ആളത്തത്തിൽ നാം എന്തായിരിക്കുന്നു എന്നതിനോട് ബന്ധപ്പെട്ടിരിക്കുന്നു.

## D. നീതിക്കുവേണ്ടി വിശന്നും ദാഹിച്ചുമിരിക്കുന്നവർ സംതൃപ്തരാക്കപ്പെടുന്നു

വാക്യം 6-ൽ കർത്താവു പറഞ്ഞു, "നീതിക്കായി വിശന്നു ദാഹിക്കുന്നവർ സംതൃപ്തരാക്കപ്പെടും." ഇവിടെ നീതി നമ്മുടെ പെരുമാറ്റത്തിൽ നേരുള്ളവരായിരിക്കുന്നതാണ്. ഈ നീതി നാം അകമെ എന്തായിരിക്കുന്നു എന്നതിനോടു ബന്ധപ്പെട്ടിരിക്കുന്നു. നാം സംതൃപ്തരാക്കപ്പെടത്തക്കവണ്ണം നീതിക്കുവേണ്ടി വിശന്നു ദാഹിക്കണമെന്ന് നമ്മോടു പറഞ്ഞിട്ടുള്ള വസ്തുതയാൽ ഇത് സൂചിപ്പിക്കപ്പെടുന്നു.

വാക്യം 6 മനസ്സിലാക്കണമെങ്കിൽ നാം വാക്യം 20-ഉം ചിന്തിക്കണം. വാക്യം 20 പറയുന്നു "നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയാഞ്ഞാൽ നിങ്ങൾ ഒരുവിധത്തിലും സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു." 3-ഉം 20-ഉം വാക്യങ്ങളിൽ സ്വർഗരാജ്യത്തിന്റെ രണ്ടു വശങ്ങൾ നാം കാണുന്നു. വാക്യം 3-ൽ ക്രിയാപദം വർത്തമാനകാലത്തിലും വാക്യം 20-ൽ അത് ഭാവികാലത്തിലും ആണ്. ഒരുവശത്ത്, സ്വർഗരാജ്യം നമ്മുടേതാണ്; മറുവശത്ത്, നാം സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കും. നമ്മുടെ ആത്മാവിൽ നാം ദരിദ്രരാണെങ്കിൽ, സ്വർഗരാജ്യത്തിന്റെ യാഥാർഥ്യം ഇന്ന് നമ്മുടേതാണ്. എന്നാൽ അപ്പോഴും സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയിലേക്ക് നാം പ്രവേശിക്കേണ്ടത് ആവശ്യമാണ്. സ്വർഗരാജ്യത്തിന്റെ രണ്ടു വശങ്ങൾ ഓർക്കുക—ഇന്ന് സഭയിലുള്ള യാഥാർഥ്യവും ഭാവിയിൽ സഹസ്രാബ്ദത്തിന്റെ മുകളിലെ ഭാഗത്തിലുള്ള പ്രത്യക്ഷതയും. ക്രിസ്തുവിനെ അന്വേഷിച്ചുകൊണ്ട് നാം വാസ്തവമായും ആത്മാവിൽ ദരിദ്രരാണെങ്കിൽ, സ്വർഗരാജ്യത്തിന്റെ യാഥാർഥ്യം നമ്മുടേതാണ്. പിന്നീട് സഹസ്രാബ്ദത്തിന്റെ സമയത്ത് നാം സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയിലേക്ക് പ്രവേശിക്കും. എങ്കിലും, സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയിലേക്ക് നാം പ്രവേശിക്കുന്നതിന് നമുക്ക് കവിയുന്ന നീതി, ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്ന നീതി, ആവശ്യമാണ്. നാം സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കേണ്ടതിന് ഈ നീതിക്കുവേണ്ടി, ഇങ്ങനെയുള്ള നീതിയെ അന്വേഷിക്കുന്നതിന്, വിശന്നു ദാഹിക്കണം (വാ. 6, 10, 20). നീതിക്കുവേണ്ടി നാം വിശന്നു ദാഹിക്കുന്നുവെങ്കിൽ, നാം അന്വേഷിക്കുന്ന അതേ നീതിയാൽ നാം സംതൃപ്തരായിരിക്കുവാൻ ദൈവം ഇടയാക്കും. കവിയുന്ന ഈ നീതി നാം അന്വേഷിക്കുന്നുവെങ്കിൽ, അത് നമുക്കു നൽകപ്പെടും.

നീതി, ദൈവത്തോടു മാത്രമല്ല മനുഷ്യനോടും നേരുള്ളവനായിരിക്കുന്നതാണ്. ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതി ന്യായപ്രമാണത്തിനനുസരിച്ചുള്ള നീതിയായിരുന്നതുകൊണ്ട് അത് താണ നിലയിലായിരുന്നു. നമ്മുടെ നീതി പഴയ പ്രമാണമനുസരിച്ചല്ല, മറിച്ച് പുതിയ പ്രമാണമനുസരിച്ചായിരിക്കണം. നാം കാണാൻ പോകുന്നതുപോലെ, പുതിയ പ്രമാണം പഴയതിനെക്കാൾ വളരെ ഉന്നതമാണ്. പഴയ പ്രമാണം പറയുന്നു, "നിങ്ങൾ കൊല ചെയ്യരുത്." എന്നാൽ പുതിയ പ്രമാണം പറയുന്നു, "തന്റെ സഹോദരനോട് കോപിക്കുന്നവനെല്ലാം ന്യായവിധിക്ക് വിധേയനാകും" (വാ. 22). ഈ ഒരു ഉദാഹരണത്തിലൂടെ നമ്മുടെ നീതി പരീശന്മാരുടെ നീതിയെക്കാൾ ഉന്നത നിലയിലായിരിക്കണമെന്ന് നാം കാണുന്നു. കൊല ചെയ്യാതിരിക്കുവാൻ മാത്രമല്ല,

നമ്മുടെ സഹോദരനോട് കോപിക്കാതിരിക്കുവാൻപോലും നാം ശ്രദ്ധിക്കണം. ഈ നീതി ഉന്നതമായ പ്രതലത്തിലാണ്.

നമ്മുടെ സ്വാഭാവിക ജീവൻ ഈ നീതിയെ കൈവരിക്കുവാൻ പ്രാപ്തമല്ല. ഈ ആന്തരിക അനുഭവനിഷ്ഠമായ നീതി ക്രിസ്തു ആയിരിക്കണം. ക്രിസ്തുവിനു മാത്രമേ പുതിയ പ്രമാണത്തിന്റെ ആവശ്യകതകൾ നിറവേറ്റുവാൻ കഴിയുകയുള്ളൂ. ഒരു യുവാവായിരുന്ന സമയത്ത് മത്തായി 5 വായിച്ചപ്പോൾ ഞാൻ നിരാശനായി പറഞ്ഞു, "ഇത് എനിക്ക് സാധിക്കുകയില്ല. ഞാൻ ഇതു വിട്ടുകളയണം." എന്നാൽ ഞാൻ കൂടുതൽ വളർന്നപ്പോൾ ഇതു ചെയ്യുവാൻ കഴിയുന്ന ഒരു ജീവൻ എന്റെ ഉള്ളിൽ എനിക്കുള്ളതുകൊണ്ട് എനിക്കതു ചെയ്യാൻ കഴിയുമെന്ന് ഞാൻ മനസ്സിലാക്കി. എന്നിലുള്ള തന്റെ രാജ്യത്തോടുകൂടിയ രാജാവിന് ഇതു ചെയ്യുവാൻ കഴിയും. എങ്കിലും, ഈ രാജാവിന് നമ്മുടെ സഹകരണം ആവശ്യമാണ്. വിശന്നും ദാഹിച്ചും ഇരിക്കുന്നതിലൂടെ നാം സഹകരിക്കുന്നു. "കർത്താവായ യേശുവേ, ഞാൻ നിന്നെ വാഞ്ഛിച്ചുകൊണ്ട് വിശന്നും ദാഹിച്ചുമിരിക്കുന്നു. കർത്താവേ, നിന്നെക്കൊണ്ട് നിറഞ്ഞിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് നാം സഹകരിക്കുന്നു. ഈ രീതിയിൽ നിങ്ങൾ വിശന്നും ദാഹിച്ചുമിരിക്കുമെങ്കിൽ, നിങ്ങൾ തൃപ്തരായിരിക്കും.

വാക്യം 6-ലെ നീതി ക്രിസ്തു ആണ്. അത് കവിയുന്ന നീതി, ക്രിസ്തുവിനു മാത്രം കൈവരിക്കുവാൻ കഴിയുന്ന ഉന്നത പ്രതലത്തിലെ നീതിയാണ്. ഉന്നതമായ ഈ നീതിയെ ഉളവാക്കുന്നവൻ അവനായതുകൊണ്ട് നാം അവനെ വാഞ്ഛയോടെ അന്വേഷിക്കണം. "കർത്താവേ, എന്നെ വിശപ്പുള്ളവനാക്കേണമേ. നിനക്കു വേണ്ടിയുള്ള ഒരു വിശപ്പ് എനിക്കു തരേണമേ. കവിയുന്ന നീതിയെ അന്വേഷിക്കാനുള്ള വിശപ്പ് എനിക്കു നൽകേണമേ" എന്നു നാം പ്രാർഥിക്കണം. ഈ രീതിയിൽ നിങ്ങൾ നീതി അന്വേഷിക്കുന്നുവെങ്കിൽ, നിങ്ങൾ തൃപ്തനാക്കപ്പെടും. നിങ്ങൾ അന്വേഷിച്ചുകൊണ്ടിരുന്നത് നിങ്ങൾക്കു ലഭിക്കും.

## E. കരുണയുള്ളവർക്ക് കരുണ ലഭിക്കുന്നു

വാക്യം 7 പറയുന്നു, "കരുണയുള്ളവർ അനുഗ്യഹീതർ, അവരോട് കരുണയുണ്ടാകും." നീതിയുള്ളവനായിരിക്കുന്നത് ഒരുവൻ അർഹിക്കുന്നത് അവന് കൊടുക്കുന്നതാണ്, എന്നാൽ കരുണയുള്ളവനായിരിക്കുന്നത് ഒരുവൻ അർഹിക്കുന്നതിനെക്കാൾ മെച്ചമായത് അവന് കൊടുക്കുന്നതാണ്. സ്വർഗരാജ്യത്തിനുവേണ്ടി നാം നീതിയുള്ളവർ മാത്രമായിരുന്നാൽ പോരാ, കരുണയുള്ളവരും ആയിരിക്കണം. കരുണ ലഭിക്കുകയെന്നാൽ നാം അർഹിക്കുന്നതിനെക്കാൾ മെച്ചമായത് ലഭിക്കുന്നതാണ്.

നാം മറ്റുള്ളവരോട് കരുണയുള്ളവരാണെങ്കിൽ, കർത്താവ് നമ്മോട് കരുണ കാണിക്കും (2 തിമൊ. 1:16, 18), പ്രത്യേകിച്ചും അവന്റെ ന്യായാസനത്തിൽവച്ച് (യാക്കോ. 2:12-13).

നീതിയുള്ളവനായിരിക്കുന്നത് കർക്കശമായ ഒരു രീതിയിൽ നിങ്ങളോടുതന്നെ ഇടപെടുന്നതാണ്. നമ്മോടുതന്നെ ഇടപെടുന്നതിൽ നാം നീതിയുള്ളവരായിരിക്കണം. നാം നമുക്കുതന്നെ യാതൊരു ഒഴികഴിവും നൽകരുത്. എന്നാൽ മറ്റുള്ളവരോട് നാം കരുണയുള്ളവരായിരിക്കണം. കവിയുന്ന നീതിയെ അന്വേഷിക്കുന്നതിൽ നാം ശുഷ്കാന്തിയുള്ളവരാണെങ്കിൽ, ഒടുവിൽ നാം മറ്റുള്ളവരോട് കരുണയുള്ളവരായിത്തീരും. നമ്മുടെ അന്വേഷണത്തിൽ നമ്മുടെ സ്വഭാവിക മനുഷ്യൻ ബലഹീനനാണെന്നും നാം പരാജയപ്പെടുവാൻ പ്രവണതയുള്ളവരാണെന്നും നാം കണ്ടെത്തും. നിങ്ങളുടെ സ്വാഭാവിക മനുഷ്യന്റെ ശോചനീയമായ അവസ്ഥ നിങ്ങൾ മനസ്സിലാക്കുന്നില്ലെങ്കിൽ, നിങ്ങൾക്ക് ഒരിക്കലും മറ്റുള്ളവരോട് കരുണയുണ്ടായിരിക്കുകയില്ല. അവരോട് കരുണ കാണിക്കുന്നതിനു പകരം, അവർ പരാജയപ്പെടുകയോ വീഴുകയോ ചെയ്യുമ്പോൾ നിങ്ങൾ അവരെ കുറ്റംവിധിക്കും. നിങ്ങൾ അവരെ കുറ്റംവിധിക്കാനുള്ള കാരണം നിങ്ങളെത്തന്നെ നിങ്ങൾക്കറിയില്ല എന്നതാണ്. നിങ്ങളെത്തന്നെ നിങ്ങൾ അറിയുന്നു എങ്കിൽ, ഒരുവൻ പരാജയപ്പെടുമ്പോഴെല്ലാം നിങ്ങൾ പറയും, "കർത്താവേ, എന്നോടും എന്റെ സഹോദരനോടും കരുണയുണ്ടാകേണമേ. ഞങ്ങളെല്ലാവരും ബലഹീന പാത്രങ്ങളും നിന്റെ ആവശ്യകതകൾ നിറവേറ്റുവാൻ കഴിയാത്തവരും ആകുന്നു. കർത്താവേ, എന്റെ സഹോദരൻ എന്നെ വ്രണപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഞാൻ അവനോട് കരുണയുള്ളവനായി തുടരും." നിങ്ങൾ ഒരിക്കലും പരാജയപ്പെട്ടിട്ടില്ലെങ്കിൽ, നിങ്ങൾ ഒരിക്കലും കരുണയുള്ളവനായിരിക്കുകയില്ല. വിശുദ്ധിയെയും തികവിനെയും പിൻപറ്റുന്നതിൽ നിങ്ങൾ എല്ലായ്പ്പോഴും വിജയിക്കുന്നുവെങ്കിൽ, മറ്റുള്ളവർ പരാജയപ്പെടുമ്പോൾ അവരോട് നിങ്ങൾക്ക് സഹതാപം ഉണ്ടായിരിക്കുകയില്ല. നിങ്ങൾ എല്ലായ്പ്പോഴും അവരെ കുറ്റംവിധിക്കും. എന്നാൽ നിങ്ങൾ എത്ര ബലഹീനനാണെന്നും, നിങ്ങൾ എന്തുമാത്രം തെറ്റുകൾ ചെയ്തിട്ടുണ്ടെന്നും നിങ്ങൾക്കറിയാമെങ്കിൽ നിങ്ങൾ മറ്റുള്ളവരോട് കരുണയുള്ളവനായിരിക്കും.

വാക്യം 7-ൽ നമുക്കൊരു വാഗ്ദത്തമുണ്ട്. കരുണയുള്ളവർക്ക് കരുണ ലഭിക്കുമെന്നതാണ് ആ വാഗ്ദത്തം. കരുണകൂടാതെ നിങ്ങളുടെ സഹോദരനെ നിങ്ങൾ വിധിക്കുന്നുവെങ്കിൽ, ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ നിങ്ങൾക്ക് യാതൊരു കരുണയും ലഭിക്കുകയില്ല. ദയയില്ലാതെ നിങ്ങൾ മറ്റുള്ളവരെ വിധിക്കുന്നതുകൊണ്ട് ക്രിസ്തു ദയയില്ലാതെ നിങ്ങളെ വിധിക്കും. എന്നാൽ നിങ്ങളുടെ സഹോദരന്റെമേൽ നിങ്ങൾക്ക്

കരുണയുണ്ടെങ്കിൽ തന്റെ ന്യായാസനത്തിങ്കൽ കർത്താവിന് നിങ്ങളോട് കരുണയുണ്ടായിരിക്കും. അങ്ങനെ, രാജ്യജനം തങ്ങളോടുതന്നെ ഇടപെടുന്നതിൽ കർക്കശതയുള്ളവരും, എന്നാൽ മറ്റുള്ളവരോട് ഇടപെടുന്നതിൽ കരുണയുള്ളവരുമാണ്. ഒരിക്കൽക്കൂടെ പറയട്ടെ, ഇത് പുറമെയുള്ള ഒരു കാര്യമല്ല, പിന്നെയോ നമ്മുടെ ആന്തരിക ആളത്തത്തോടു ബന്ധപ്പെട്ട ഒരു കാര്യമാണ്.

## F. ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണുന്നു

വാക്യം 8 പറയുന്നു, "ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ, അവർ ദൈവത്തെ കാണും." നീതിയുള്ളവരായിരിക്കുന്നത് നമ്മോടുതന്നെ ഇടപെടുന്നതും, കരുണയുള്ളവരായിരിക്കുന്നത് മറ്റുള്ളവരോട് ഇടപെടുന്നതും, ഹൃദയശുദ്ധിയുള്ളരായിരിക്കുന്നത് ദൈവത്തോട് ഇടപെടുന്നതും ആണ്. നമ്മോട് നാം കർക്കശരായിരിക്കുകയും യാതൊരു ഒഴികഴിവും അനുവദിക്കാതിരിക്കുകയും വേണം. മറ്റുള്ളവരോട്, അവർ അർഹിക്കുന്നതിനെക്കാൾ കൂടുതൽ നൽകിക്കൊണ്ട് നാം കരുണയുള്ളവരായിരിക്കണം. എന്നാൽ ദൈവത്തോട് അവനെയൊഴികെ മറ്റൊന്നും അന്വേഷിക്കാതെ നാം ഹൃദയശുദ്ധിയുള്ളവരായിരിക്കണം. ഹൃദയശുദ്ധിയുള്ളവരായിരിക്കുന്നതിന്റെ പ്രതിഫലം ദൈവത്തെ കാണുന്നതാണ്. ദൈവമാണ് നമ്മുടെ പ്രതിഫലം. ഒരു പ്രതിഫലവും ദൈവത്തെക്കാൾ വലുതല്ല. നമ്മോടുതന്നെ കർക്കശതയും നീതിയും ഉള്ളവരായിരിക്കുന്നതിലൂടെയും, മറ്റുള്ളവരോട് കരുണയുള്ളവരായിരിക്കുന്നതിലൂടെയും, ദൈവത്തോട് ഹൃദയശുദ്ധിയുള്ളവരായിരിക്കുന്നതിലൂടെയും നാം ഈ പ്രതിഫലം നേടുന്നു.

ഹൃദയശുദ്ധിയുള്ളവരായിരിക്കുക എന്നത്, ദൈവത്തിന്റെ മഹത്വത്തിനുവേണ്ടി ദൈവഹിതം നിവർത്തിക്കുക എന്ന ഏക ഉദ്ദേശ്യം, ഏകലക്ഷ്യം ഉണ്ടായിരിക്കുന്നതാണ് (1 കൊരി. 10:31). ഇത് സ്വർഗരാജ്യത്തിനു വേണ്ടിയാണ്. ക്രിസ്തുവിനെ നാം സ്വീകരിക്കാനുള്ള അവയവമാണ് നമ്മുടെ ആത്മാവ് (യോഹ. 1:12; 3:6). എന്നാൽ ജീവ വിത്തായ ക്രിസ്തു വളരുന്നതിനുള്ള നിലമാണ് നമ്മുടെ ഹൃദയം (മത്താ. 13:19). സ്വർഗരാജ്യത്തിനു വേണ്ടി ക്രിസ്തുവിനെ സ്വീകരിക്കേണ്ടതിന് നാം ആത്മാവിൽ ദരിദ്രരായിരിക്കണം, അതായത് നമ്മുടെ ആത്മാവിൽ ഒഴിഞ്ഞവരായിരിക്കണം. യാതൊരു തടസ്സവും കൂടാതെ ക്രിസ്തു നമ്മിൽ വളരേണ്ടതിന് നാം ഹൃദയത്തിൽ നിർമ്മലരായിരിക്കുകയും, അതായത്, നമ്മുടെ ഹൃദയത്തിൽ ഏകാഗ്രതയുള്ളവരായിരിക്കുകയും വേണം. ദൈവത്തെ അന്വേഷിക്കുന്നതിൽ നാം ഹൃദയശുദ്ധിയുള്ളവരാണെങ്കിൽ, നാം ദൈവത്തെ കാണും. ദൈവത്തെ കാണുമെന്നത് ഹൃദയശുദ്ധിയുള്ളവർക്കുള്ള

പ്രതിഫലമാണ്. ഈ അനുഗ്രഹം ഇന്നത്തേക്കുള്ളതും വരുവാനുള്ള യുഗത്തിനു വേണ്ടിയുള്ളതുമാണ്.

## G. സമാധാനം ഉണ്ടാക്കുന്നവർ ദൈവത്തിന്റെ പുത്രന്മാരെന്ന് വിളിക്കപ്പെടുന്നു

വാക്യം 9 പറയുന്നു, "സമാധാനം ഉണ്ടാക്കുന്നവർ അനുഗൃഹീതർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും. "മത്സരിയായ സാത്താൻ സകല മത്സരങ്ങളുടെയും പ്രകോപകനാണ്. സ്വർഗരാജ്യത്തിനുവേണ്ടി, അതിന്റെ സ്വർഗീയ ഭരണത്തിൻ കീഴിൽ, നാം സകല മനുഷ്യരുമായും സമാധാനം ഉണ്ടാക്കുന്നവരായിരിക്കണം (എബ്രാ. 12:14).

ആദ്യത്തെ ഏഴ് അനുഗ്രഹങ്ങളിലും നാം കാണുന്നത് നാം പോരടിക്കുന്നവരോ പ്രശ്നം ഉണ്ടാക്കുന്നവരോ ആയിരിക്കരുതെന്നാണ്; മറിച്ച്, നാം സമാധാനം ഉണ്ടാക്കുന്നവരായിരിക്കണം, എല്ലായ്പോഴും മറ്റുള്ളവരുമായി സമാധാനം ഉണ്ടാക്കുന്നവരായിരിക്കണം. നാം സമാധാനം ഉണ്ടാക്കുന്നവരാണെങ്കിൽ, ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും. പിശാചിന്റെ പുത്രന്മാർ പ്രശ്നം ഉണ്ടാക്കുന്നു, എന്നാൽ ദൈവത്തിന്റെ പുത്രന്മാർ സമാധാനമുണ്ടാക്കുന്നു. ദൈവപുത്രനെന്ന നിലയിൽ കർത്താവായ യേശു ദൈവത്തോടും മനുഷ്യനോടും സമാധാനമുണ്ടാക്കി. ഇപ്പോൾ, ദൈവത്തിന്റെ പുത്രന്മാരെന്ന നിലയിൽ സമാധാനമുണ്ടാക്കുന്നതിൽ നാം അവനെ അനുഗമിക്കണം. അപ്പോൾ നാം ദൈവത്തിന്റെ പുത്രന്മാരെന്നു വിളിക്കപ്പെടും.

നമ്മുടെ ദൈവം സമാധാനത്തിന്റെ ദൈവമാണ് (റോമ. 15:33; 16:20). അവന് സമാധാനപരമായ പ്രകൃതത്തോടുകൂടിയ സമാധാനപരമായ ഒരു ജീവനുണ്ട്. അവനിൽനിന്നും ജനിച്ചവരെന്ന നിലയിൽ, നാം സമാധാനം ഉണ്ടാക്കുന്നവരാകണമെങ്കിൽ, അവന്റെ ദിവ്യപ്രകൃത്തിനനുസരിച്ച് നാം അവന്റെ ദിവ്യജീവനിൽ പെരുമാറണം. അങ്ങനെ, നാം അവന്റെ ജീവനെയും പ്രകൃതത്തെയും ആവിഷ്കരിക്കുകയും, നാം ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടുകയും ചെയ്യും.

## H. നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ സ്വഗരാജ്യത്തിൽ പങ്കുചേരുന്നു

വാക്യം 10 പറയുന്നു, "നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ അനുഗൃഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു." സർവലോകവും ദുഷ്ടനിൽ കിടക്കുകയും (1 യോഹ. 5:19) അനീതികൊണ്ട് നിറഞ്ഞിരിക്കുകയും ചെയ്യുന്നു. ലോകത്തിന്റെ എല്ലാ വശവും അനീതിയുള്ളതാണ്. നാം നീതിക്കുവേണ്ടി

വിശന്നും ദാഹിച്ചുമിരിക്കുന്നെങ്കിൽ നീതി നിമിത്തം നാം ഉപദ്രവിക്കപ്പെടും. സ്വർഗരാജ്യത്തിനായി നാം അന്വേഷിക്കുന്ന നീതിക്കുവേണ്ടി നാം ഒരു വില കൊടുക്കേണ്ടത് ആവശ്യമാണ്. നാം നീതിമാന്മാരാണെങ്കിൽ, നാം കുറ്റംവിധിക്കപ്പെടുകയും എതിർക്കപ്പെടുകയും ഉപദ്രവിക്കപ്പെടുകയും ചെയ്യും. തന്മൂലം, നാം ഉപദ്രവം സഹിക്കും. നീതിമാന്മാരായിരിക്കുവാൻ തങ്ങളാലാവോളം ചെയ്തിട്ടുള്ള നിരവധി വിശുദ്ധന്മാർ തൽഫലമായി ഉപദ്രവം സഹിച്ചിട്ടുണ്ട്. അവരുടെ പരിതസ്ഥിതിയിലോ, വ്യവസായത്തിലോ, ഉദ്യോഗത്തിലോ അനീതിയുള്ള നിരവധി കാര്യങ്ങൾ ഉണ്ടായിരുന്നു. ആ സാഹചര്യത്തിൽ നീതിമാന്മാരായിരിക്കുവാൻ അവർ ആഗ്രഹിച്ചതുകൊണ്ട്, മറ്റുള്ളവരിൽനിന്നും അവർ ഉപദ്രവം സഹിച്ചു.

നീതിക്കുവേണ്ടി ഉപദ്രവിക്കപ്പെടുന്നവർ അനുഗൃഹീതരാണെന്ന് ഈ വാക്യം പറയുന്നു, കാരണം "സ്വർഗരാജ്യം അവരുടേതാകുന്നു." ഒരു വില കൊടുത്തുകൊണ്ട് നാം നീതി അന്വേഷിക്കുന്നുവെങ്കിൽ, സ്വർഗരാജ്യം നമ്മുടേതായിത്തീരുന്നു—നാം ഇപ്പോൾ അതിന്റെ യാഥാർഥ്യത്തിലാണ്; വരാനിരിക്കുന്ന യുഗത്തിൽ നാം അതിന്റെ പ്രത്യക്ഷതയുടെ പ്രതിഫലം പ്രാപിക്കും. വാക്യം 20 അനുസരിച്ച്, സ്വർഗരാജ്യത്തിലായിരിക്കുന്നതിന് നമുക്ക് കവിയുന്ന നീതി, ഉന്നത പ്രതത്തിലുള്ള നീതി ആവശ്യമാണെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയിൽ പ്രവേശിക്കേണ്ടതിന് നമുക്ക് ഇത്തരത്തിലുള്ള നീതി ആവശ്യമാണ്. അതുകൊണ്ട്, അതിനായി വാഞ്ഛിച്ചുകൊണ്ട് നാം വിശപ്പും ദാഹവുമുള്ളവരായിരിക്കുകയും, അതിനുവേണ്ടി ഉപദ്രവം സഹിക്കുകയും വേണം.

## I. അവന്റെ നിമിത്തം നിന്ദിക്കപ്പെടുകയും, ഉപദ്രവിക്കപ്പെടുകയും, ദോഷമായി സംസാരിക്കപ്പെടുകയും ചെയ്യുന്നവർ സ്വർഗത്തിൽ വലിയ പ്രതിഫലം സ്വീകരിക്കുന്നു

വാക്യം 11-ൽ പുതിയ രാജാവു പറഞ്ഞു, "എന്റെ നിമിത്തം നിങ്ങളെ നിന്ദിക്കുകയും, ഉപദ്രവിക്കുകയും, കളവു പറഞ്ഞുകൊണ്ട് നിങ്ങൾക്കെതിരെ സകല ദുഷ്ടകാര്യവും പറയുകയും ചെയ്യുമ്പോൾ നിങ്ങൾ അനുഗൃഹീതരാകുന്നു." വാക്യം 10-ലെ ഉപദ്രവം നീതി നിമിത്തമാണ്, അതായത്, നീതിക്കുവേണ്ടി നാം അന്വേഷിക്കുന്നതു മൂലമാണ്; എന്നാൽ വാക്യം 11-ലെ ഉപദ്രവം ക്രിസ്തു നിമിത്തമാണ്, അതായത് നാം പുതിയ രാജാവായ ക്രിസ്തുവിനെ അനുഗമിക്കുന്നതു നിമിത്തമാണ്.

നാം സ്വർഗരാജ്യത്തിനുവേണ്ടി അതിന്റെ ആത്മികപ്രകൃതിയിലും, അതിന്റെ സ്വർഗീയ തത്ത്വങ്ങൾക്കനുസരിച്ചുമുള്ള ഒരു ജീവിതം നയിക്കുമ്പോൾ, പ്രധാനമായും തങ്ങളുടെ പരമ്പരാഗതവും

മതപരവുമായ ധാരണകൾ പിടിച്ചുകൊള്ളുന്നവർ നമ്മെ നിന്ദിക്കുകയും, ഉപദ്രവിക്കുകയും, നമ്മെക്കുറിച്ച് ദോഷമായി സംസാരിക്കുകയും ചെയ്യുന്നു. യെഹൂദ മതവാദികൾ ഈ കാര്യങ്ങളെല്ലാം സ്വർഗരാജ്യത്തിന്റെ ആരംഭ നാളുകളിലുള്ള അപ്പൊസ്തലന്മാരോട് ചെയ്തിരുന്നു (പ്രവൃ. 5:41; 13:45, 50; 2 കൊരി. 6:8; റോമ. 3:8). ഇന്നും അത് സത്യമാണ്. നിങ്ങൾ വാസ്തവമായി ക്രിസ്തുവിനെ അന്വേഷിക്കുന്നുവെങ്കിൽ, മതസംഘടനകളിലുള്ള അനേകർ നിങ്ങൾക്കെതിരായി എഴുന്നേൽക്കും. ഇതാണ് നാം ഇപ്പോൾ സഹിച്ചുകൊണ്ടിരിക്കുന്നത്. നാം നിന്ദയും, ഉപദ്രവവും, നമ്മെക്കുറിച്ച് പ്രചരിപ്പിക്കുന്ന തിന്മയായ കിംവദന്തികളും സഹിക്കുന്നു. അടുത്തകാലത്ത് കീർത്തിപ്പെട്ട ഒരു പ്രസിദ്ധീകരണ സ്ഥാപനം നമ്മെ ഹിന്ദുത്വത്തോട് ബന്ധപ്പെടുത്തിക്കൊണ്ട് ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. എന്തോരു ദുഷ്ട കിംവദന്തി! നാം പാരമ്പര്യത്തിനുവേണ്ടി കരുതാതെ ക്രിസ്തുവിനെയും വേദപുസ്തകത്തിലെ നിർമ്മല വചനത്തെയും കരുതുന്നതുകൊണ്ട് ഈ നിന്ദയും ഉപദ്രവവും നമുക്കു വരുന്നു.

താൻ നിമിത്തം ഉപദ്രവിക്കപ്പെടുന്നവർക്കുള്ള ഒരു പ്രോത്സാഹന വാക്ക് വാക്യം 12-ൽ കർത്താവായ യേശു സംസാരിക്കുന്നു: "സന്തോഷിച്ചുല്ലസിക്കുവിൻ, സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകുന്നു; അങ്ങനെതന്നെ നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ ഉപദ്രവിച്ചു." മുൻപറഞ്ഞ എട്ട് അനുഗ്രഹങ്ങളുടെയും ഫലങ്ങൾ പ്രതിഫലങ്ങളാണെന്ന് ഒമ്പതാമത്തെ അനുഗ്രഹത്തിന്റെ ഈ പ്രതിഫലം സൂചിപ്പിക്കുന്നു. ഈ പ്രതിഫലം വലുതും സ്വർഗത്തിലുള്ളതുമാണ്; ഇത് ഭൂമിയിലുള്ള ഒന്നല്ല, സ്വർഗീയമായ ഒരു പ്രതിഫലമാണ്.